6465
8/6/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം - വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ സഹായത്തിനായി നിയമിക്കുന്ന മെസഞ്ചർക്ക് ഓണറേറിയം അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 335/2015/സാനീവ തീയതി, തിരുവനന്തപുരം, 05.06.2015

---

പരാമർശം :- (1) 16.09.2011 ലെ സ.ഉ.(സാധാ) നം. 342/2011/സാക്ഷേവ.

(2) 12.09.2013 ലെ സ.ഉ.(സാധാ) നം. 462/2013/ സാനീവ.

(3) 28.01.2014 ലെ സ.ഉ.(സാധാ) നം. 66/2014/ സാനീവ

(4) 05.08.2014 ലെ സ.ഉ.(സാധാ) നം. 482/2014/ സാനീവ.

(5) സാമൂഹ്യനീതി ഡയറക്ടറുടെ 24.04.2015 ലെ എഫ് 2/35941/12 (2) നമ്പർ കത്ത്.

(6) 16.05.2015 ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കോടതിയിൽ നിന്നും ലഭിക്കുന്ന നോട്ടീസുകൾ സമയബന്ധിതമായി പരാതിക്കാർക്കും എതിർ കക്ഷികൾക്കും നൽകേണ്ട ചുമതല പ്രൊട്ടക്ഷൻ ഓഫീസർമാരിൽ നിക്ഷിപ്തമായതിനാൽ ഏകാംഗ ഉദ്യോഗസ്ഥകളായ പ്രസ്തുത വനിതാ ഓഫീസർമാരെ സഹായിക്കുന്നതിനായി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് അതോറിറ്റിയുടെ കീഴിലുള്ള അംഗീകൃത സ്ഥാപനമായ കേരള മഹിളാ സമഖ്യ സൊസൈറ്റി മുഖേന കരാർ അടിസ്ഥാനത്തിൽ മെസഞ്ചർമാരെ നിയമിച്ചുവരുന്നുണ്ട്. ഇവർക്ക് യാത്രാബത്തയും ദിനബത്തയും ചേർത്ത് 8000/-രൂപ പ്രതിമാസ ഓണറേറിയമായും നൽകിവരുന്നുണ്ട്. പ്രസ്തുത മെസഞ്ചർമാർക്ക് 2015 ജനുവരി മുതൽ 2015 മാർച്ച് വരെ പ്രതിമാസം 8000/- രൂപ നിരക്കിൽ ഓണറേറിയം അനുവദിക്കുന്നതിനായി 3,36,000/ രൂപ നടപ്പ് സാമ്പത്തിക വർഷത്തെ '2235-02-103-90-01 പ്ലാൻ' ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. 16.05.2015 ൽ കൂടിയ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം സാമൂഹ്യനീതി ഡയറക്ടറുടെ ടി പ്രൊപ്പോസൽ പരിശോധിക്കുകയും ആയത് അംഗീകരിക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലെയും പ്രൊട്ടക്ഷൻ ഓഫീസുകളിൽ കേരള മഹിളാ സമഖ്യ സൊസൈറ്റി മുഖേന കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഓരോ മെസഞ്ചർമാർക്കും 2015 ജനുവരി മുതൽ 2015 മാർച്ച് വരെ പ്രതിമാസം 8000/- രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതിന് ആവശ്യമായ 3,36,000/- രൂപ

(മൂന്ന് ലക്ഷത്തി മുപ്പത്തിയാറായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-90 (01) (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ,
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
**സാമൂഹ്യനീതി** (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ